ലക്കം-1/ജനുവരി, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



## ഹൃദയത്തിൽ നിന്നും സ്നേഹപൂർവ്വം

മലയാളത്തെ സ്നേഹിക്കുന്ന, പിറന്ന മണ്ണിനെയും അതിന്റെ സംസ്കാരത്തെയും എന്നും അഭിമാനത്തോടെ നെഞ്ചേററി നടക്കുന്ന മലയാളികൾക്കുള്ള ഞങ്ങളുടെ നവവത്സര സമ്മാനമാണ്, **ഹവിസ്സ്**. സ്വീകരിച്ചാലും.

കേരളം – പ്രകൃതി സൗന്ദര്യം കൊണ്ട് ധന്യമായ ദൈവത്തിന്റെ സ്വന്തം നാട്. പ്രബുദ്ധരായ ജനങ്ങൾ. ജാതി, മത ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും സഹിഷ്ണതയോടെ ജീവിക്കുന്ന ലോകത്തിലെ അപൂർവ്വം സ്ഥലങ്ങളിൽ ഒന്ന്. സാക്ഷരതയിൽ വികസിത രാജ്യങ്ങളെപ്പോലും അതിശയിപ്പിക്കുന്ന നേട്ടം. ആധുനിക ആദ്ധ്യാത്മികതയുടെ എക്കാലത്തെയും വലിയ സംഭാവനയായ ആദി ശങ്കരൻ പിറന്ന മണ്ണ്. നമുക്ക് അഭിമാനിക്കുവാൻ നേട്ടങ്ങളേറെ.

ലോകമെമ്പാടുമുള്ള മലയാളികളുടെ സ്മൃതിയിൽ എന്നും തിളങ്ങി നിൽക്കുന്നതാണ് ഓണക്കാലം. കള്ളവും ചതിയും പൊളിവചനങ്ങളുമില്ലാത്ത ആ നല്ലകാലത്തിന്റെ സ്മൃതി പോലും എത്ര സുന്ദരമായ അനുഭവമാണ്. പ്രകൃതിയുടെ പ്രകൃതം (environment nature) മനുഷ്യന്റെ പ്രകൃതവുമായി (human nature) ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഇന്ന് എല്ലാവരും അംഗീകരിച്ചു കഴിഞ്ഞ ഒരു സത്യമാണ്. ഓണക്കാലമായി വർണ്ണിക്കുന്ന സത്യയുഗ ജീവിത കാലഘട്ടത്തിൽ നാം ഓരോരുത്തരും സതോപ്രധാന രായിരുന്നു, സർവ്വ ഗുണങ്ങളാലും സമ്പന്നരായിരുന്നു. അഹിംസ നമ്മുടെ ഏററവും വലിയ ധർമ്മമായിരുന്നു അന്ന്. വസുദൈവ കുടുംബകം ആയിരുന്നു നമ്മുടെ ആപ്തവാക്യം.

എന്നിരുന്നാലും ഇന്ന് നാം ജീവിക്കുന്ന ലോകം അത്ര സുന്ദരമൊന്നുമല്ല എന്നത് ചിന്തനീയം തന്നെ. ഈ ചിന്തയിൽ നിന്നാണ് നമുക്ക് എന്തു ചെയ്യുവാൻ ആകും എന്ന ചോദ്യം ഞങ്ങളുടെ മുന്നിൽ വന്നത്. മുഴുവൻ ലോകത്തിനും മാതൃകയാകേണ്ട വലിയ ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടിയാൽ കാലം നമുക്ക് മാപ്പ് നൽകില്ലെന്ന് ഉള്ളിലിരുന്നാരോ മന്ത്രിച്ചു.

പവിത്രതയും സുഖവും ശാന്തിയും സമൃദ്ധിയും നിറഞ്ഞ ആ കാലം സ്മൃതികളിൽ മാത്രം ഉണരേണ്ടതല്ല. മലയാളിയുടെ ഗൃഹാതുരത്വമായി മാത്രം തുടരേണ്ടതുമല്ല. മറിച്ച് സ്വപരിവർത്തനത്തിലൂടെ ഈ വിശ്വത്തിൽ ധർമ്മം പുനഃസ്ഥാപിക്കുവാൻ നാം ഓരോരുത്തരും നിമിത്തമാകേണ്ടിയിരിക്കുന്നു. ഈ വലിയ ഉത്തരവാദിത്വം നാം നിറവേററുമ്പോഴാണ് മലയാള മണ്ണ് ധന്യമാകുന്നത്, നമ്മുടെ ഓരോരുത്തരുടെയും ജന്മം സഫലമാകുന്നത്.

കാലം ആർക്കുവേണ്ടിയും കാത്തു നിൽക്കില്ല, പരിവർത്തനത്തിന്റെ മണിമുഴക്കം ഇങ്ങ് അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു...

മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതികളീ നിങ്ങളെത്താൻ
മാറെറാലിക്കൊണ്ടീ മൊഴിതന്നെ സർവ്വദാ
കാററിരമ്പുന്നിന്നു കേരളത്തിൽ
നാലുപാടും നിന്നതു തന്നെ ചൊല്ലുന്നു
കാലവും നിങ്ങളിന്നൂന്നി നിൽക്കും
കാലിന്നടിയിലുമസ്വസ്ഥതയുടെ
കോലാഹലങ്ങൾ മുഴങ്ങിടുന്നു
മാററുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാററുമതികളീ നിങ്ങളെത്താൻ

## താളുകൾ മറിക്കുമ്പോൾ

രാജകീയ വ്യക്തിത്വം.........രാജയോഗിനി ഡോ. ദാദി ജാനകിയുടെ പ്രഭാഷണ സംക്ഷേപം
ജീവിതത്തിൽ സങ്കല്പത്തിന്റെ മഹത്വം.......................................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ
ജന്മം.....................................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം
തിരക്കൊഴിഞ്ഞ വഴി....................................................ഡോ. വത്സലൻ നായർ, മൗണ്ട് ആബു
പരീക്ഷ ഒരു പരീക്ഷണമോ?....................................................ബി.കെ. സ്വാമിനാഥൻ, മുംബൈ
ജീവിതം 16 കലാ സമ്പന്നം...........................................................................ഈശ്വരീയ പാഠ്യക്രമം
ഈശ്വരീയ സ്നേഹം എങ്ങനെ അനുഭവം ചെയ്യാം? ..................ബി.കെ. അജയ്, ബംഗലൂർ
ഒരു ചെറിയ കാര്യം...........................................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം
ഈശ്വരീയ സേവനം കേരളത്തിൽ....................ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം







**വിശേഷതകളെ മാത്രം കാണുകയും അവയുടെ മാത്രം വർണ്ണന ചെയ്യുകയും ചെയ്യുന്നവരാണ് വിശേഷ ആത്മാക്കൾ.**

എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 8500 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അവയുടെ അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

ഓം

സർവ്വരുടെയും ബഹുമാനം പ്രാപ്തമാക്കുവാൻ അഹംഭാവം ഇല്ലാത്തവരാകൂ.



രാജയോഗിനി ഡോ. ദാദി ജാനകി
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

# രാജകീയ വ്യക്തിത്വം

- ആവശ്യമുള്ളവയിൽ മാത്രം ശ്രദ്ധ
- ശരിയായ സൗഹൃദത്തിലും അവബോധത്തിലും സമയത്തിൽ മൂല്യവർദ്ധന
- വർത്തമാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴും ഭൂത, വർത്തമാന, ഭാവിയെ കുറിച്ച് തികഞ്ഞ അവബോധം
- പരാജയമോ അന്യരുടെ അഭിപ്രായമോ ഓർത്ത് ഭയക്കാതെ ഉചിതമായത് നിർഭയത്തോടെ നിറവേററൽ
- തന്റെ സർവ്വസ്വവും മറ്റുള്ളവരുടെ നന്മയ്ക്കാണെന്നുള്ള വിശ്വാസം
- നിരന്തരം പഠിക്കുക, എല്ലായ്പോഴും ഉന്നതി സ്ഥിതി ലക്ഷ്യം വയ്ക്കുക
- തന്റെ വേഷം പൂർണ്ണമായും ഉൾക്കൊണ്ട്, ശരിയായി അവതരിപ്പിച്ച് വിശ്വത്തിനു മാതൃകയാകുക
- തന്റെ ചുറ്റുപാടുകളുടെ പ്രഭാവത്തിൽ വരാതിരുന്ന് തന്റെ പവിത്രതയുടെ ശക്തി പ്രവാഹത്താൽ ചുറ്റുപാടുകളെ സ്വാധീക്കുന്നവർ
- തന്റെ ശക്തിയെ വിവേചിച്ചറിഞ്ഞ് തന്റേതായ തീരുമാനത്തിൽ ഇളകാതിരിക്കുന്നവർ.
- പവിത്രതയെ കാഴ്ച വെയ്ക്കുകയും കുടുംബത്തിൽ പൂർണ്ണമായ വിശ്വാസമുള്ളവരും
- സ്വയം ആരാണെന്നും ആരാണ് ഉടമയെന്നുമുള്ള പരിപൂർണ്ണമായ ലഹരിയുള്ളവർ.
- ആജ്ഞാനുകാരികൾ,സഹയോഗ മനസ്ഥിതി ഉള്ളവർ
- സ്വയം രക്ഷാധികാരിയെന്ന് മനസ്സിലാക്കുകയും ഗുണനിലവാരമുള്ള ആത്മാക്കളെ രചിക്കുകയും ചെയ്യുന്നവർ
- തന്റെ കുടുംബാംഗങ്ങളുടെ അനുഗ്രഹങ്ങളും ശുഭാശംസകളും സ്വീകരിക്കുകയും അതിനെ പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുകയും ചെയ്യുന്നവർ.
- എല്ലാ ശക്തികളുടെയും അധികാരിയായി ശരിയായ ശക്തിയെ, ശരിയായ സമയത്ത് ഉപയോഗിക്കുന്നവർ.



# ജീവിതത്തിൽ സങ്കല്പത്തിന്റെ മഹത്വം

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

മനുഷ്യൻ അവന്റെ മനസ്സാണ്. മനുഷ്യ ജീവിതം ഉത്കൃഷ്ടമാകുന്നതും നികൃഷ്ടമാകുന്നതും ഓരോരുത്തരുടെയും മസ്സിൽ ഉണ്ടാകുന്ന സങ്കല്പങ്ങളുടെ നിലവാരമനുസരിച്ചായിരിക്കും. മനുഷ്യന് സന്തോഷവും സന്താപവും ഉണ്ടാകുന്നത് അവന്റെ മനസ്സിൽ ഉണ്ടാകുന്ന വിചാരങ്ങളുടെ ആധാരത്തിലാണ്. "എന്റെ മനസ്സ്" എന്ന് പറയുമ്പോൾ മനസ്സിന്റെ ഉടമസ്ഥൻ ഞാനാണ്. ആ മനസ്സിന്റെ പ്രവർത്തനം സമ്പൂർണ്ണമായിട്ടും നമ്മുടെ കൈയ്യിലിരിക്കേണ്ടതാണ്. പക്ഷെ നമ്മുടെ മനസ്സിനെ നമ്മൾ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കാം. മനസ്സിനെ കുറ്റപ്പെടുത്തുന്നതിനു പകരം അതിനെ സ്നേഹിക്കാൻ പഠിക്കണം. അതിന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അതിന്റെ പ്രവർത്തനങ്ങളും മനസ്സിലാക്കുകയാണെങ്കിൽ മനസ്സിൽ നമുക്ക് നല്ല സങ്കല്പങ്ങളെ സൃഷ്ടിക്കാൻ കഴിയും. നമ്മുടെ സങ്കല്പങ്ങളാണ് നമ്മുടെ ജീവിതത്തിന്റെ നേതൃത്വം വഹിക്കുന്നത്. അപ്പോൾ നമ്മുടെ മനസ്സിൽ പ്രതിദിനം ഉണ്ടാകുന്ന 3000 മുതൽ 4000 വരെയുള്ള സങ്കല്പങ്ങളെ ശുദ്ധവും, സന്മാർഗികവും, ശ്രേഷ്ഠവും ആക്കി മാറ്റാൻ നമുക്ക് സാധിക്കും. നമ്മൾ ഏതൊരു കാര്യവും ഒരു സങ്കല്പത്തിൽ നിന്നാണ് തുടങ്ങുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള ഓരോ സങ്കല്പങ്ങളും വിലമതിക്കാനാകാത്ത സമ്പത്താക്കി മാറ്റാൻ കഴിയും. ഇങ്ങനെയുള്ള സങ്കല്പങ്ങൾക്ക് നമ്മെയും മറ്റുള്ളവരെയും നന്നാക്കാനും സന്തോഷവാന്മാരാക്കാനും കഴിയും. ഓരോ സങ്കല്പങ്ങളും ഓരോ ഊർജ്ജ ബിന്ദുക്കളാണ്. അതുകൊണ്ട് സങ്കല്പ ദാനം, അല്ലെങ്കിൽ ശുഭഭാവനയും ശുഭകാമനയും സർവ്വർക്കും ദാനമായിട്ട് കൊടുക്കാൻ കഴിയും. സങ്കല്പദാനത്തെ നമുക്ക് ആശയദാനം എന്ന വേണമെങ്കിലും പറയാം. ഒരു ആശയത്തിന് ഒരാളിനെ ഉന്നത സ്ഥിതിയിലേക്ക് ഉയർത്താനും ആ ആളിന്റെ ജീവിത നിലവാരം ഉയർത്താനും സാധിക്കും. ശ്രേഷ്ഠ സങ്കല്പങ്ങൾ ഉള്ളവർ ശ്രേഷ്ഠന്മാരും ഉത്തമന്മാരുമായിത്തീരുന്നു. അതുകൊണ്ട് നമ്മുടെ മനസ്സിനെ നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ മനസ്സ് എന്താണ് ചിന്തിക്കുന്നതെന്ന് നോക്കാം. മനസ്സിന്റെ പ്രവർത്തനങ്ങളെ പഠിക്കാം. ചുരുക്കത്തിൽ നമ്മെ നമുക്ക് നിരീക്ഷിക്കുവാൻ തുടങ്ങാം. നമ്മെ നാം നിരീക്ഷിക്കുമ്പോൾ നമ്മിലെ ന്യൂനതകളെ മനസ്സിലാക്കുവാൻ കഴിയും. അങ്ങനെ നമ്മളെ നമുക്ക് നന്നാക്കാം. വ്യർത്ഥവും നിഷേധാത്മകവുമായ ചിന്തകളെ ഒഴിവാക്കാൻ ഇങ്ങനെയുള്ള നിരീക്ഷണ പ്രവർത്തികളിൽകൂടെ സാധിക്കും. നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ പരിശ്രമം ഇതായിരിക്കണം. പക്ഷെ ഇത് സമ്പൂർണ്ണമായിട്ട് വിജയകരമാക്കണമെങ്കിൽ അത് ആത്മബോധത്തിൽ കൂടെ സാധിക്കുകയുള്ളു. ആത്മബോധമാണ് ശുദ്ധബോധം. ശരീരബോധത്തിൽ പലതിലും കുടുങ്ങികിടക്കുന്ന മനസ്സിനെ ആ കുഴിയിൽ നിന്നും, ആ അല്പകാലസുഖലോലുപതയിൽ നിന്നും വേർപെടുത്തിയെടുത്ത് ആത്മബോധത്തിൽ സ്ഥിരപ്പെടുത്തണമെങ്കിൽ തക്കതായ ആത്മജ്ഞാനത്തിന്റെ ആവശ്യം ഉണ്ട്. ഞാൻ ആത്മാവാണ്, ഈ ശരീരം എന്റെ ഇരിപ്പിടമാണ്. ഈ ശരീരം എനിക്ക് കർമ്മക്ഷേത്രത്തിൽ കർമ്മം ചെയ്യാൻ കിട്ടിയിട്ടുള്ള ഒരു ഉപകരണം മാത്രമാണ്. ഇതിന്റെ പ്രയോഗവും ഉപയോഗവും അതാണ് എന്നുള്ള സമ്പൂർണ്ണ അറിവും വിവേകവും എന്നിൽ ഉണ്ടാകുമ്പോൾ മനസ്സ് എനിക്ക് ചിന്തിക്കാനുള്ള ഒരു ഉപകരണമാണെന്ന് മനസ്സിലാകുന്നു. മനസ്സ് എന്റെ മന്ത്രിയാണ്. ഞാൻ ആത്മാവ് രാജാവാണ്. എന്റെ ഭാവവും സംസ്ക്കാരവും നന്മനിറഞ്ഞതാണ്. ഈ നന്മ സപ്തഗുണങ്ങൾ അടങ്ങിയിട്ടുള്ളതാണ്. ഈസപ്തഗുണങ്ങളുടെയും സമ്പൂർണ്ണതയാണ് എന്റെ യഥാർത്ഥ വ്യക്തിത്വത്തിന്റെ ഉള്ളടക്കം. എനിക്ക് ഈ കാര്യം ബോധ്യമാകുമ്പോൾ എനിക്ക് എന്നെ പറ്റിയുള്ള അഭിപ്രായം മാറും. എനിക്ക് എന്നെപറ്റി ദിവ്യമായിട്ടുള്ളതും ശ്രേഷ്ഠമായിട്ടുള്ളതുമായ അഭിപ്രായം ഉണ്ടാകുമ്പോൾ എന്നിൽ ശ്രേഷ്ഠ സങ്കല്പങ്ങൾ ഉദിക്കുവാൻ തുടങ്ങും. ഇതിൽ നിന്നും എന്റെ വളർച്ച ആരംഭിക്കും.



# ജന്മം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

വരിക പോകുക എന്നതല്ലോ ഈ ജീവിതം
ആരുമേ തങ്ങുന്നില്ല ഒരിടത്തും എന്നെന്നേയ്ക്കുമായ്
ആരുമേ പോകുന്നില്ല ഒരിടത്തോട്ടു മാത്രമായ്.....
ജന്മമോരോന്നിലും ബന്ധവും മാറുന്നെല്ലാർക്കുമേ


ദേഹിയോ ജന്മമെടുക്കുന്നൊരു ദേഹത്തിൽ
തൻ കർമ്മ സംസ്ക്കാരം പോൽ വിവിധ ദേഹങ്ങളിൽ
വിവിധബന്ധങ്ങളിലോരോയിടത്തായ്
ജന്മത്തിൽ സുഖദു:ഖത്തിനാധാരമേ ഈ സംസ്ക്കാരമല്ലോ,
തൻ കർമ്മമല്ലോ

പല പല വേഷഭൂഷാധികളണിഞ്ഞു
ഭാവങ്ങൾ പലതുൾക്കൊണ്ടു നാടകം അരങ്ങേറവേ
കണ്ടു ഞാൻ എനിക്കു ചുറ്റും എന്നെ ചിരിപ്പിച്ചോരെ, കരയിച്ചോരെ
പിന്നെ ഞാൻ ചിരിപ്പിച്ചും കരയിച്ചും വേദനിപ്പിച്ചോരെ

സത്യമായതുൾക്കൊള്ളാതെ നിത്യമാം ആനന്ദം
മൃഗതൃഷ്ണപോലാകുന്നീ വൈവിധ്യ ജീവിതത്തിൽ
നിത്യമാം സത്യമറിയുവരേയുമേ
ഇതിനൊരറുതി വരിക്കുന്നുമില്ലവൻ

ഞാനൊരു സൂക്ഷ്മമാം ദേഹിയാണീ ദേഹമല്ല
പരമാത്മാവാം ശിവനല്ലോ എൻ താതൻ
എൻ ഗേഹമോ അങ്ങുയരെ പരംധാമമല്ലോ
ബ്രഹ്മസത്യം മനസ്സിലാക്കിയോൻ ബ്രാഹ്മണനല്ലോ...

# തിരക്കൊഴിഞ്ഞ വഴി



ഡോ. വത്സലൻ നായർ, മൗണ്ട് ആബു

അത്ഭുതങ്ങളുടെ ഒരു ഘോഷയാത്രയായി ജീവിതത്തെ കാണുവാനാണ് എനിക്കെന്നും താത്പര്യം. കടന്നു വന്ന വഴികൾ, ഇണങ്ങിയും പിണങ്ങിയും നീണ്ട സൗഹൃദങ്ങൾ, അതിശയിപ്പിച്ച വ്യക്തിത്വങ്ങൾ, സംഭവങ്ങൾ... ഒരു വേർക്കാഴ്ച നടത്തുവാൻ എന്നെ പ്രേരിപ്പിക്കുന്നതും ഇതു തന്നെ. ഞാൻ ആരാണ്? ആരുടേതാണ്? ഈ നിമിഷത്തിന്റെ പ്രാധാന്യമെന്ത്? ഈ മൂന്നു ചോദ്യങ്ങൾ ഞാനെന്നും എന്നോടു ചോദിക്കുവാൻ ആഗ്രഹിച്ചു. ഒരു തനിയാവർത്തനം പോലെ ഇവ എന്നും എന്റെ മുന്നിലേയ്ക്ക് കടന്നു വരുകയായിരുന്നു.

ഏറെ നാൾ ഒരു പ്രഹേളികയായി നിന്ന ആദ്യ ചോദ്യം, ഞാൻ ആരാണ്? തിരിച്ചറിവിന്റെ ആദ്യ കാലം മുതൽ തന്നെ ഈ ചോദ്യവും ശക്തമായി തികട്ടി വന്നു. പിന്നീടുള്ള എല്ലാ വഴികളും ഈ ചോദ്യത്തിന്റെ ഉത്തരം തേടിയായി. രണ്ടു തേങ്ങലുകൾക്കിടയിൽ, ജനനത്തിന്റെയും മരണത്തിന്റെയും, കഥയറിയാതെ ആടിത്തീർക്കുവാൻ മാത്രമുള്ളതാണോ ഈ ജീവിതം? അസ്തമയ സൂര്യനു കൂട്ടായി ചെലവഴിച്ച സായന്തനങ്ങളിലും, മനസ്സ് അശാന്തമായിരുന്നു, മുന്നിലെ കടൽ പോലെ. മനസ്സിലെ ഓരോ തിരയും എന്നോട് ആരാഞ്ഞത് ഒരേ ചോദ്യം, നീ ആര്?

രംഗപടം മാറുന്നു. സ്വപ്നങ്ങളിൽ മാത്രം നിറഞ്ഞിരുന്ന ഹിമവാന്റെ സൗന്ദര്യം തൊട്ടറിഞ്ഞ്, അനുസരണയോടെ ഒഴുകുന്ന ഗംഗയുടെ തീരങ്ങളിലൂടെയാണിപ്പോൾ യാത്ര. തുളച്ചു കയറുന്ന തണുത്ത കാറ്റിലും ഉള്ളിലെരിഞ്ഞത് ഈ ഒരു ചോദ്യം മാത്രം. ആത്മ സാക്ഷാത്കാരത്തിന്റെ അനേകം പുസ്തകങ്ങൾ വാങ്ങിക്കൂട്ടി. കഷ്ടം പുസ്തകത്തിലെ അറിവ് മസ്തകത്തിന് ബോധിച്ചില്ല. അന്വേഷണം വീണ്ടും നീണ്ടു. കടുത്ത ഏകാന്തത മാത്രം കൂട്ടായിരുന്ന ഒരു കാലഘട്ടം. ബന്ധങ്ങളുടെ എല്ലാ സമവാക്യങ്ങളും ശിഷ്ടമില്ലാതെ ഹരിച്ചു തീർക്കുന്ന അത്ഭുത കാഴ്ചകൾ കണ്ടു നടന്ന ആ സമയത്താണ് രണ്ടാമതു ചോദ്യം മുന്നിലെത്തിയത്, ഞാൻ ആരുടേതാണ്? ഇടയ്ക്കൊക്കെ മാറിയിരുന്ന് ആലോചിച്ചു, ഇതിന്റെയൊക്കെ ആവശ്യമുണ്ടോ? ഈ ലോകത്ത് ഞാൻ മാത്രമെന്തിന് ചോദ്യശരങ്ങളിൽ ശയിക്കണം? ഒടുവിൽ ആ ഭ്രാന്തും ഒരു ശീലമായിത്തുടങ്ങി.

അങ്ങനെ ഒരിക്കലാണ്, ഈ കുത്തിക്കുറിക്കലിന്റെ വഴി എന്നെത്തേടിയെത്തിയത്. എനിക്ക് എന്നോടു തന്നെ സംവദിക്കുവാൻ പററിയ മാർഗ്ഗമായി അതു വളർന്നു. ആർക്കും താത്പര്യമില്ലാത്ത വിഷയങ്ങൾ, ഞാൻ ആരാണ്... ആരുടേതാണ്... പേനയും കടലാസും കൂടി മഷിയിട്ടു നോക്കുവാൻ തുടങ്ങി. കുറെ എഴുതിക്കഴിഞ്ഞപ്പോൾ മേൽവിലാസമില്ലാത്ത ഈ എഴുത്ത് വളരെ വിരസമായിത്തോന്നി. ആർക്കെഴുതും? വായിക്കുവാൻ താത്പര്യമുള്ള ആരെയും കണ്ടുകിട്ടുന്നുമില്ല. ഒടുവിൽ, അതിന് ഒരു സമാധാനം കിട്ടി. ദൈവത്തിന് കത്തെഴുതാം. ആർക്കും എങ്ങനെയും സങ്കല്പിക്കുവാനാവുന്ന വിധം മനുഷ്യർ ദൈവത്തെ സൃഷ്ടിച്ചത് ഭാഗ്യമായി. എന്താണ് ഞങ്ങൾ തമ്മിലുള്ള ബന്ധം? എന്തായിരിക്കണം? ഒരു പിടിയും കിട്ടിയില്ല. ഒടുവിൽ ഉററ ചങ്ങാതിയായി കൂട്ടുവാൻ തീരുമാനിച്ചു.

പിന്നീടുള്ള കാലഘട്ടം എന്നെ തികച്ചും അത്ഭുതപ്പെടുത്തി. കത്തുകളുടെ ഒരു കൂമ്പാരം തന്നെയുണ്ടായി. മറുപടി പ്രശ്നമല്ലായിരുന്നു. പക്ഷേ, അപ്പോഴും എന്റെ ചോദ്യങ്ങൾ ഉത്തരം തേടി അലഞ്ഞു കൊണ്ടിരുന്നു. ഒടുവിൽ, രംഗപടം കടുത്തതായി, രംഗം കൊഴുക്കുവാനുള്ള ലക്ഷണമാണ്. ഞാൻ ആരുടേത് എന്ന ആദ്യ ചോദ്യം ഇപ്പോഴത്തെ മേൽവിലാസം തേടിയുള്ള അലച്ചിൽ തുടരുകയാണ്. അതിനിടയിൽ മൂന്നാമത്തെ ചോദ്യം എന്നെ തുറിച്ചു നോക്കി, ഈ നിമിഷത്തിന്റെ പ്രാധാന്യമെന്ത്? കുത്തൊഴുക്കിൽപെട്ട ഈ പോക്ക് ഇനിയും എത്ര നാൾ? എങ്ങോട്ട്? രംഗത്ത് ഇപ്പോൾ ഇരുട്ടു മാത്രം. അകലെനിന്നും വീശിയടിച്ച ചൂടുകാററിൽ, പേനയിലെ മഷി ഉണങ്ങുകയും കടലാസു കാററു കൊണ്ടു പോകുകയും ചെയ്തു. നിശബ്ദതയുടെ താരാട്ടിനൊടുവിൽ, ഉള്ളിലിരുന്നാരോ മന്ത്രിച്ചു, പടവുകൾ ഇറങ്ങേണ്ടത് ഉള്ളിലേയ്ക്ക്, ഏകനായി... പുറം വാതിലുകൾ ഞാൻ കൊട്ടിയടച്ചു. യാത്രയുടെ വഴി അവിടെ വേറിട്ടതായി. കട്ട പിടിച്ച കനത്ത ഇരുട്ടു മാത്രം ചുററും. ഏതോ ശക്തിയാൽ നയിക്കപ്പെടുന്ന പോലെ ഞാൻ യാത്ര തുടർന്നു കൊണ്ടിരുന്നു. ദിവസങ്ങൾ മാസങ്ങൾക്ക് വഴി മാറിയപ്പോൾ, ഒരു തുടിപ്പ്, ഒരു തിളക്കം, ഒരു സ്നേഹ സ്പർശം...

തിരക്കൊഴിഞ്ഞ ഒരുവഴി മുന്നിൽ തെളിയുന്നു. ഇപ്പോൾ എല്ലാ വിളക്കുകളും തെളിഞ്ഞു കത്തുകയാണ്. എന്റെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ പകൽ പോലെ എനിക്കു വ്യക്തം. നാടകത്തിലെ അതിപ്രധാന വേഷം അഭിനയിക്കുവാൻ ഭാഗ്യം ലഭിച്ചവൻ, സംവിധായകന്റെ പ്രിയപ്പെട്ട അനശ്വര നടൻ. സൃഷ്ടി നാടകത്തിലെ അവസാന രംഗം കൊഴുപ്പിക്കുവാൻ സ്വയം സൃഷ്ടാവു തന്നെ മുഖ്യവേഷം എടുത്താടുന്ന അനശ്വര നിമിഷങ്ങളാണെന്റെ മുന്നിൽ. എന്റെ മാർഗ്ഗം വ്യക്തം, ലക്ഷ്യം അതിലേറെ വ്യക്തം... വരുവാൻ പോകുന്ന നവയുഗത്തെ വരവേൽക്കുവാൻ സ്വയം ഒരുങ്ങുക... ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവീക രാജധാനി പുനഃസ്ഥാപിക്കപ്പെടുന്നു. മാനവനെ മാധവനാക്കുവാൻ മഹേശ്വരൻ മണ്ണിലവതരിച്ചിരിക്കുന്ന അമൃതവേളയിത്.

ഇവിടെ യാത്ര അവസാനിക്കുകയല്ല, തനിയാവർത്തനം ചെയ്യപ്പെടുകയാണെന്ന് തിരിച്ചറിയുകയാണ് ഞാൻ. രാജയോഗത്തിന്റെ കതകുകൾ തുറന്ന് ദൈവീകതയെ വരവേൽക്കുമ്പോൾ, ഇന്ന് ഞാൻ അറിയുന്നു. ഞാൻ ഏകനല്ല. ഞാൻ സ്നേഹിക്കുന്നതിലും ഒരായിരം മടങ്ങ് സ്നേഹം പകർന്നു നൽകി എന്റെ സ്വന്തം അച്ഛൻ എന്നോടൊപ്പമുണ്ട്... എന്റെ എല്ലാ ചോദ്യങ്ങളും ഇവിടെ പൂർണ്ണമാകുന്നു, ആ വിരൽത്തുമ്പിൽ തൂങ്ങി ഞാൻ പിച്ചവയ്ക്കുകയാണ്, എന്റെ സ്വർഗ്ഗീയ രാജധാനിയിലേയ്ക്ക്...

ഒരച്ഛനമ്മയ്ക്കു പിറന്ന നമ്മൾ...
വരൂ, പ്രിയ സോദരാ... എല്ലാം മറന്ന് നമുക്ക് വീണ്ടും ഒന്നാകാം...
ഈ വഴിയിൽ തിരക്കു നന്നേ കുറവാണ്...





# പരീക്ഷ ഒരു പരീക്ഷണമോ?

ബി.കെ. സ്വാമിനാഥൻ, മുംബൈ

ചോദ്യം – ഞാൻ 11–ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിയാണ്. എന്റെ പേര് അരുൺ. എനിക്ക് പരീക്ഷയുടെ സമയത്ത് ഭയങ്കര ഭയവും ഉൽക്കണ്ഠയും അനുഭവപ്പെടുന്നു. ഇതിൽ നിന്ന് ഒരു മോചനം സാധ്യമാണോ?

ഉത്തരം – അരുൺ, എല്ലാ ഭയത്തിനും ഉൽക്കണ്ഠയ്ക്കും പിന്നിൽ വിവിധ കാരണങ്ങളുണ്ട്. എല്ലാ കാരണങ്ങൾക്കും നിവാരണവുമുണ്ടെന്നുള്ള കാര്യം സന്തോഷപ്രദമാണ്. എന്ത് കാര്യവും ആദ്യമായി ചെയ്യുമ്പോൾ നമുക്ക് കൂടുതൽ പരിഭ്രമവും ഉൽക്കണ്ഠയും അനുഭവപ്പെടുന്നു. ഉദാഹരണമായി നാം ആദ്യമായി സൈക്കിൾ പഠിക്കുമ്പോൾ, നീന്തൽ പഠിക്കുമ്പോൾ, ഡ്രൈവിങ് പഠിക്കുമ്പോൾ കൂടുതൽ ഭയം അനുഭവപ്പെടുന്നു. കാരണം ആ വിദ്യ നാം ശരിക്ക് മനസ്സിലാക്കിയിട്ടില്ല. അതു പോലെ പരീക്ഷ എഴുതേണ്ട വിധി നമുക്ക് ശരിക്ക് മനസ്സിലാകാത്തതു കൊണ്ടാണ് ഭയം ഉണ്ടാകുന്നത്. പ്രയത്നിച്ച് പഠിക്കുകയും പരീക്ഷയെഴുതേണ്ട വിധി മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ സാവധാനം നമ്മുടെ മനസ്സിൽ നിന്നും ഭയം അകന്നു പോകും.

പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിച്ച് സഫലത കരസ്ഥമാക്കുന്നതിനുള്ള വിധി:

1. വിധി പ്രകാരം പഠിക്കുക
2. പാഠ്യ വിഷയത്തിൽ താത്പര്യവും സമർപ്പണ മനോഭാവവും വളർത്തുക
3. പാഠ്യ വിഷയം നന്നായി മനസ്സിലാക്കി പഠിക്കുക
4. ഏകാഗ്രതയും ഓർമ്മ ശക്തിയും വർദ്ധിപ്പിക്കുക
5. പരീഷയ്ക്ക് തയ്യാറാകുന്ന സമയത്ത് മനസ്സും ശരീരവും ആരോഗ്യമുള്ളതാക്കി വയ്ക്കുക

അരുൺ, താങ്കൾക്ക് ഉന്നത വിജയവും സഫലതയും ആശംസിക്കുന്നു.

ചോദ്യം – എന്റെ പേര് കവിത. ഞാൻ 8–ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥിനിയാണ്. ഞാൻ അദ്ധ്വാനിച്ച് പഠിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും പഠനത്തിൽ മനസ്സുറക്കുന്നില്ല. ഇതിനൊരു പരിഹാരം ഉപദേശിച്ച് തരുമോ?

ഉത്തരം – കുട്ടീ, ഇതിനായി ആദ്യമായി മനസ്സ് എന്താണെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനസ്സിന്റെ കർത്തവ്യം എന്താണ്, അതിനെ എങ്ങനെ നിയന്ത്രിക്കാം എന്നെല്ലാം അറിയേണ്ടിയിരിക്കുന്നു. ഇതെങ്ങനെയെന്ന് നോക്കാം. ആദ്യമായി മനസ്സിനെ ഒരു ടീം രൂപത്തിൽ കാണുക.


**T-THOUGHT** - സങ്കല്പങ്ങൾ
**E-EMOTIONS** - വികാരങ്ങൾ
**A-ATTITUDE** - കാഴ്ചപ്പാട്
**M-MEMMORY** - ഓർമ്മ

നമ്മുടെ ടീം സകാരാത്മകമായാൽ മാത്രമേ മനസ്സിനെ നേർവഴിക്ക് നയിക്കാൻ സാധിക്കുകയുള്ളൂ. അഥവാ ടീം നകാരാത്മകമായാൽ മനസ്സിനെ നേർവഴിക്ക് നയിക്കാൻ സാധിക്കില്ല.

പരീക്ഷയുടെ സമയത്ത് നമ്മുടെ ടീമിനെ എങ്ങനെ പരിശോധിക്കാം എന്ന് നമുക്ക് നോക്കാം.

**T-THOUGHT** - പഠനം ജീവിതത്തിലെ മഹത്തായ, ഒഴിച്ചു കൂടാനാവാത്തതുമായ ഒരു കാര്യമാണ് എന്ന് മനസ്സിൽ ഉറപ്പിക്കുക
**E-EMOTIONS** - തത്പര്യത്തോടെയും ഏകാഗ്രതയോടെയും പഠിച്ച് പഠന വിഷയത്തെ നമ്മുടെ സുഹൃത്താക്കുക
**A-ATTITUDE** - സഫലവും സന്തുഷ്ടവുമായ ഒരു ജീവിതത്തിന് വിദ്യാഭ്യാസം അത്യാവശ്യമാണ് എന്ന കാഴ്ചപ്പാട് ഉണ്ടാക്കിയെടുക്കുക
**M-MEMMORY** - ഓർമ്മ ശക്തിയും ഏകാഗ്രതയും വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും അതിന് വേണ്ടി പ്രയത്നിക്കുകയും ചെയ്യുക

കുട്ടിയ്ക്ക് ഇതിനാകും എന്ന് എനിക്കുറപ്പുണ്ട്. മുകളിൽ പറഞ്ഞ കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പിന്തുടർന്ന് പരീക്ഷയ്ക്ക് തയ്യാറാകൂ. കുട്ടിയുടെ മനസ്സാണ് കുട്ടിയുടെ ഏറ്റവും വലിയ കൂട്ടുകാരി.



# ജീവിതം 16 കലാ സമ്പന്നം

ഏതൊരു കാര്യം ചെയ്യുന്നതിനും ഒരു സമയവും രീതിയും ഉണ്ട്. ഒരു കാര്യം ഉചിതമായ രീതിയിൽ അനുകൂലമായ അവസരത്തിൽ, വ്യവസ്ഥിതമായ ഒരു രൂപത്തിൽ ചെയ്യുന്നതിനായി വിശേഷമായ ഒരു തിരിച്ചറിവ് ആവശ്യമാണ്. അഥവാ ഓരോ കാര്യം ചെയ്യുന്നതും ഒരു കലയാണ്. മനുഷ്യൻ സമൂഹത്തോടും, കുംബത്തോടും ഒപ്പം കഴിയുന്നവനാണ്. അവരോട് സ്നേഹവുമുണ്ടാകുമ്പോഴും മോഹം പാടില്ല, അതുപോലെ ധനം സമ്പാദിക്കുമ്പോഴും അതിനോട് ലോഭം ഉണ്ടാകരുത്, ഗ്രഹസ്ഥവും വീടും നോക്കി നടത്തണം എന്നാൽ അതിൽ ആസക്തി പാടില്ല. ഇതിനായി ഒരു സുന്ദരമായ രേഖാ രൂപവും, കർത്തവ്യം നിറവേറ്റുന്നതിനുള്ള ഒരു നല്ല രീതിയും ഉണ്ട്. രാജയോഗം നമുക്ക് അതിനുള്ള വിവേകം തരുന്നു. ജീവിതം സഫലവും ശ്രേഷ്ഠവുമാക്കുന്നതിന് മുഖ്യമായി 16 കലകൾ ഉണ്ട്. ആ 16 കലകൾ ഏതൊക്കെയാണെന്ന്, നോക്കാം.

## 1.സൗഹൃദം നേടുവാനുള്ള കല
## (The Art of winning friends)

മറ്റുള്ളവരെ മിത്രമാക്കുന്നത് വളരെ വലിയ ഒരു കലയാണ്. തന്റെ ഏതെങ്കിലും കുറവ് കാരണം മറ്റുള്ളവരെ ശത്രുക്കളാക്കുന്നവരാണ് അധികവും, തത്ഫലമായി മാനസിക അശാന്തിയും മറ്റുള്ളവരുടെ ശത്രുതയും നേടുന്നു. മറ്റുള്ളവരെ മിത്രമാക്കുന്നതിനായി നമുക്ക് മുഖ്യമായി ഒൻപത് കാര്യങ്ങൾ ഉണ്ടാവേണ്ടത് ആവശ്യമാണ്–

(1) മറ്റുള്ളവരെ പ്രതി ശുദ്ധമായ സ്നേഹം
(2) ഒത്തുപോകലും വിട്ടുവീഴ്ചാ മനോഭാവവും
(3) സരളസ്വഭാവവും മനസ്സിന്റെ സ്വച്ഛതയും ശുദ്ധതയും
(4) പവിത്രവും ഉന്നതവുമായ ജീവിതം
(5) ശാന്തത മധുരത മാന്യത
(6) ഒത്തുചേരലിനുള്ള കഴിവ്
(7) സേവന തത്പരത
(8) അർഹമായ ബഹുമാനവും പ്രശംസയും ഏവർക്കും നൽകൽ
(9) മറ്റുള്ളവർക്കായി സുഖസൗകര്യങ്ങൾ ത്യജിക്കാൻ തയ്യാറാവുക

സ്നേഹമാണ് ശത്രുവിനെ മിത്രമാക്കുന്നതും ബന്ധങ്ങളെ കോർത്തിണക്കുന്നതും. സ്നേഹ സാഗരനായ പരമാത്മാവിന്റെ സന്തതികളാണ് നാം. നമ്മിൽ സത്യവും ശുദ്ധവുമായ സ്നേഹം ഉണരുന്നത് നാം ദേഹവും ദേഹബന്ധുക്കളോടുമുള്ള മമത്വം വെടിഞ്ഞ് സ്നേഹ സാഗരനായ പരമാത്മാവിന്റെ സ്നേഹത്തിൽ മുഴുകുമ്പോഴാണ്. അപ്പോൾ ഏവരോടും സൗഹൃദത്തോടെ പെരുമാറാൻ നമുക്ക് സാധിക്കുന്നു.

തുടരും......



# ഈശ്വര സ്നേഹം
## എങ്ങനെ അനുഭവം ചെയ്യാം?

ബി.കെ. അജയ്, ബംഗലൂർ

ഈശ്വരീയ സ്നേഹം ഉപാധികൾ ഇല്ലാത്തതും എന്നും എവിടെയുമുള്ളതുമാണ്. എന്നിരുന്നാലും അതു ആഴത്തിൽ അനുഭവം ചെയ്യണമെങ്കിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു:

1. ഏകാന്തതയിലും അന്തർമുഖതയിലും ഇരിക്കുവാൻ നാം കുറച്ചു സമയം മാററിവയ്ക്കണം. ശാന്തമായി, സത്യസന്ധതയോടെ തന്റെ ഉള്ളിൽ എല്ലാം ശരിയാണോ എന്നു പരിശോധിക്കണം. എന്തെങ്കിലും എന്നെ അലട്ടുന്നുണ്ടോ? ഞാൻ അതിനെ ഉൾക്കൊള്ളുകയും വിട നൽകുകയും ചെയ്യട്ടെ. എല്ലാം ഉടൻ തന്നെ നേരെയാകും എന്നു വിശ്വസിക്കൂ, ഈ നിമിഷം എനിക്ക് ഈശ്വരനുമായി ബന്ധപ്പെടുവാനുള്ളതാണ്.

2. സമയം മുന്നേറുന്നതിനനുസരിച്ച് നമുക്ക് ആത്മീയ സ്വരൂപത്തിന്റെ ബോധത്തിലേയ്ക്ക് വരാം. ഞാൻ കാലാനുസരണം വ്യത്യസ്ത വേഷങ്ങൾ അഭിനയിക്കുന്ന അനശ്വര ആത്മീയ സത്തയാണ്. എന്റെ യഥാർത്ഥ സ്വരൂപത്തിൽ ഞാൻ ശാന്ത സ്വരൂപനും സ്നേഹസ്വരൂപനുമാണ്. എന്റെ നിജമായ അസ്തിത്വത്തെക്കുറിച്ചുള്ള സ്മൃതി ഉണർത്തി ആ സമ്പൂർണ്ണ അവസ്ഥയിലേയ്ക്ക് എത്തിക്കുവാൻ എന്നെ സഹായിക്കുകയാണ് ഈശ്വരൻ ചെയ്യുന്നത്.

3. കാലം ബന്ധങ്ങളെ വളർത്തുകയും ആഴമേറിയതാക്കുകയും ചെയ്യും. നിരന്തരമായി ഗുണകരമായ സമയം, അതും കുറച്ചു കാലത്തേയ്ക്ക്, ഇതിന് ആവശ്യമാണ്. അതല്ലെങ്കിൽ ആ സ്നേഹം താൽക്കാലികം മാത്രമാകും. മറ്റൊരാളുടെ ഗുണങ്ങളെ അംഗീകരിക്കുകയും ആ ഗുണങ്ങൾ പങ്കിടുന്ന വിധം മാത്രം പരസ്പരം ഇടപെടുന്നതുമാണ് സ്നേഹം. ഇനി, എന്റെ ജീവിതത്തിൽ ഈശ്വരനുള്ള പങ്കിനെക്കുറിച്ച് ഒരല്പം ചിന്തിക്കാം. ഈശ്വരൻ തന്റെ പെരുമാറ്റത്തിലൂടെ എങ്ങനെയാണ് തന്റെ ഗുണങ്ങൾ കാട്ടുന്നത്? ഈശ്വരനുമായുള്ള ബന്ധത്തിലൂടെ എനിക്കുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്? എത്രത്തോളം ഞാൻ അത് ഉൾക്കൊള്ളുകയും അതിലൂടെ പ്രാപ്തികൾ നേടുകയും ചെയ്തു?

4. നാം ഒരു ഗുണം പ്രകടിപ്പിക്കുമ്പോൾ, ആ ഗുണം അനുഭവിക്കുവാൻ നാം സ്വയം സന്നദ്ധരാകുകയാണ്. ഞാൻ ഹൃദയത്തിൽ നിന്നും ഈശ്വരനോട് സ്നേഹവും നന്ദിയും പ്രകടിപ്പിക്കുമ്പോൾ, പതിന്മടങ്ങ് ഈശ്വരീയ സ്നേഹം സ്വീകരിക്കുവാൻ എനിക്ക് സാധിക്കുന്നു.

5. ഒരു സത്പുത്രനായി ഞാൻ ജീവിക്കുകയും എന്റെ കർമ്മങ്ങളും പെരുമാറ്റവും ഈശ്വരീയ നിർദ്ദേശം അനുസരിച്ചാകുകയും ചെയ്യുമ്പോൾ, ഈശ്വരന്റെ സ്നേഹവും അനുഗ്രഹവും എനിക്ക് അനുഭവം ചെയ്യുവാനാകുന്നു.

6. ഹൃദയം ശുദ്ധവും, അത് പൂർണ്ണമായും സത്യസന്ധവും സുതാര്യവുമാകുമ്പോൾ ഞാൻ ഈശ്വരീയ സ്നേഹത്തിന് പാത്രമാകുന്നു.

7. എന്റെ ജീവിതവും പ്രവർത്തികളും ഈശ്വരനിൽ തുടങ്ങി, ഈശ്വരനിലൂടെ നടന്ന്, ഈശ്വരനിൽ അവസാനിക്കുന്ന വിധം ഞാൻ ഒരു പുനർവായനയ്ക്ക് തയ്യാറാകുമ്പോൾ... എന്റെ വാഗ്ദാനം ഞാൻ നടപ്പാക്കുമ്പോൾ, ഈശ്വരന്റെ വാഗ്ദാനവും എനിക്ക് ലഭിക്കുന്നു.

8. ഈശ്വരൻ എന്റെ ലോകമാകുമ്പോൾ, എല്ലാ കാര്യങ്ങളും ഈശ്വരന്റെ കാഴ്ചപ്പാടിലൂടെ ഞാൻ കാണുമ്പോൾ, ഈശ്വരന്റെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഞാൻ തീരുമാനങ്ങളെടുക്കുമ്പോൾ, ഞാൻ ഈശ്വരന്റെ ഹൃദയത്തിൽ ജീവിക്കുന്നു, ഈശ്വരൻ എന്റെ ഹൃദയത്തിലും.

9. ഞാൻ എന്നെ പൂർണ്ണമായും ഈശ്വരനു അർപ്പിക്കുമ്പോൾ, എന്റെ ഓരോ കർമ്മങ്ങളും ഈശ്വരനു സമർപ്പിതമാകുമ്പോൾ, എന്റെ സ്നേഹത്താൽ ഈശ്വരനെ ഞാൻ തനാക്കുമ്പോൾ, കുട്ടിയായ ഞാൻ എന്റെ പിതാവായ, ഈശ്വരന്റെ മേലുള്ള എന്റെ അധികാരമെടുക്കുമ്പോൾ, എന്റെ കർത്തവ്യങ്ങളിൽ പങ്കുചേരാൻ ഈശ്വരനെ ക്ഷണിക്കുമ്പോൾ, ഈശ്വരൻ എന്റെ ജീവിതത്തിലെ സജീവ പങ്കാളിയായിത്തീരുന്നു.

10. ഏതൊരു പരിതസ്ഥിതിയിലും ഞാൻ ഈശ്വരനിലേക്കു തിരിയുമ്പോൾ – ഈശ്വരൻ ആ സാഹചര്യത്തെ എങ്ങനെ കൈകാര്യം ചെയ്യും എന്ന് ചിന്തിക്കുമ്പോൾ, എനിക്കു ഈശ്വരീയ സ്നേഹത്തിൽ ലയിച്ചിരിക്കുവാനാകുന്നു.




**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

മനുഷ്യശരീരത്തിലെ അതിപ്രധാനമായ ഒരു അവയവമാണല്ലോ 'കണ്ണ്'. എന്താണ് കണ്ണിന്റെ പ്രത്യേകതയെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ! കണ്ണ് പ്രകാശത്തെ കടത്തിവിടുന്ന സുതാര്യമായ ഒരു അവയവമാണ്. പ്രകാശത്തിന്റെ സ്വഭാവമായ സുതാര്യത തന്നെയാണ് കണ്ണിന്റെ മുഖ്യഘടകം. കണ്ണിന്റെ പ്രവർത്തനം, അത് പ്രകാശത്തെ ആഗിരണം ചെയ്യുകയും അതിലൂടെ വസ്തുക്കളെ കാണുകയുമാണ് ചെയ്യുന്നത്. അതു മാത്രമല്ല കണ്ണിന്റെ മാത്രം പ്രത്യേകതയാണ് അത് മറ്റ് അവയവങ്ങളെപ്പോലെ വളരുകയോ ചുരുങ്ങുകയോ ചെയ്യുന്നില്ല എന്നതും ജനിക്കുമ്പോൾ മുതൽ മരണം വരെ മാറ്റമില്ലാതെ സ്ഥിതി ചെയ്യുന്നു, എന്നതും അതുപോലെ തന്നെ ഒരാളുടെ കണ്ണിലൂടെ അയാളുടെ മനസ്സിനേയും അറിയാൻ കഴിയുന്നു. എല്ലാ വികാരങ്ങളും വിചാരങ്ങളും കണ്ണിൽ മിന്നി മറയുന്നു. മനസ്സിന്റെ കണ്ണാടിയാണ് കണ്ണ് എന്ന് ചുരുക്കത്തിൽ പറയാം.

എന്നാൽ ഇവിടെ വ്യക്തമാക്കാനുദ്ദേശിക്കുന്നത് മറ്റൊരു കാര്യമാണ്. മനുഷ്യ ശരീരത്തെ പ്രവർത്തിപ്പിക്കുന്നത് ഒരു പ്രകാശബിന്ദുസ്വരൂപമായ ചൈതന്യമാണ്. ഇതിനെ ആത്മാവ് (soul) എന്നു പറയുന്നു. അതു വളരുകയോ, ചെറുതാകുകയോ, നശിക്കുകയോ ചെയ്യുന്നില്ല. എപ്പോഴും ഒരേ രൂപത്തിൽ സ്ഥിതി ചെയ്യുന്നു. ഈ ആത്മാവിന്റെ പ്രതിസ്ഫുരണവും ആത്മാവിന്റെ സ്വഭാവവും തന്നെയാണ് നമ്മുടെ കണ്ണുകളിലൂടെ പ്രതിഫലിക്കുന്നത്. നോക്കൂ, ജീവിച്ചിരിക്കുന്ന ഒരാളുടെ കണ്ണിലെ കൃഷ്ണമണിയിൽ ഒരു ചെറിയ പ്രകാശബിന്ദുവിനെ കാണാൻ കഴിയും. എന്നാൽ മരിച്ചുകിടക്കുന്ന ഒരാളുടെ കണ്ണിലെ കൃഷ്ണമണിയിൽ ഈ പ്രകാശബിന്ദുവിനെ കാണാൻ കഴിയില്ല. അപ്പോൾ ആത്മാവായ പ്രകാശബിന്ദുവിന്റെ പ്രതിസ്ഫുരണം അയാളുടെ കണ്ണിലെ കൃഷ്ണമണിയിൽ നിന്നും പോയി അതായത് സത്തുപോയി, ജീവൻപോയി, മരിച്ചുപോയി എന്നു പറയുന്നു. 'കണ്ണ്' ആത്മാവിനെ കാട്ടിത്തരുന്ന ശരീരത്തിലെ പ്രധാന അവയവമായിത്തീരുന്നു.

**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ്**
**തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.



## ഈശ്വരീയ സേവനം
# കേരളത്തിൽ

ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ




കേരളത്തിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് തിലകക്കുറിയായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനു സമീപം രാജയോഗ കേന്ദ്രം പ്രവർത്തനം ആരംഭിച്ചു മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു, മേയർ ടോണി ചമ്മണി, എം.എൽ.എ. ഹൈബി ഈഡൻ എന്നിവർ പങ്കെടുത്തു. ബ്രഹ്മാകുമാരീസ് ആസ്ഥാനമായ മൗണ്ട് ആബുവിൽ നിന്നും എത്തിയ മുതിർന്ന രാജയോഗിയും പീസ് ഓഫ് മൈൻഡ് ചാനലിന്റെ ചീഫുമായ രാജയോഗി ബി.കെ. കരുണ വിദ്യാലയ പരിചയം നൽകി. ബ്രഹ്മാകുമാരീസ് യൂറോപ്പ് സേവനങ്ങൾക്ക് നേതൃത്വം നൽകുന്ന രാജയോഗിനി ബി.കെ. ജയന്തി അനുഗ്രഹ പ്രഭാഷണം നടത്തി. കലൂർ ജവാഹർ ലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ അനേകായിരങ്ങൾ പങ്കെടുത്തു.



സനാതന ധർമ്മത്തിന്റെ സന്ദേശം കേരളീയ ജനങ്ങൾക്ക നൽകുവാനായി ബ്രഹ്മാകുമാരീസ് സംഘടിപ്പിച്ച സനാതന ധർമ്മ സന്ദേശ യാത്ര തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. തീർത്ഥപാദ മണ്ഡപത്തിൽ നടന്ന സമ്മേളനം നിയമസഭാ സ്പീക്കർ ശ്രീ. ജി. കാർത്തികേയൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തിരുവിതാംകൂർ മഹാരാജാവ് ശ്രീ. ഉത്രാടം തിരുനാൾ മാർത്താണ്ഡ വർമ്മ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.



കേരളത്തിൽ തിരുവനന്തപുരം, കൊല്ലം, പുനലൂർ, അടൂർ, എറണാകുളം, ചേർത്തല, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ബ്രഹ്മാകുമാരീസ് ദ്വാദശ ജ്യോതിർലിംഗ ദർശനോത്സവം സംഘടിപ്പിച്ചു. കണ്ണൂരിൽ 11 ദിവസം നീണ്ട ഈ ദർശനോത്സവത്തിൽ 5 ലക്ഷത്തോളം ഭക്തർ ദർശന സൗഭാഗ്യം നേടി.